കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:cei@ceikerala.gov.in
:ceikerala@gmail.com
Website: www.ceikerala.gov.in

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

भारतीय मानक ब्यूरो IS 15700
मानकः पथप्रदर्शक
BUREAU OF INDIAN STANDARDS SQMS
An IS 15700 : 2005 Certified Department

## ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം
## ഹാജർ : അനിൽകുമാർ.വി.സി.

വിഷയം:– ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് – ജീവനക്കാര്യം – അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.അബു ചെറിയാൻ.എം.–ന് എതിരായുള്ള അച്ചടക്ക നടപടി – സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:–
1. കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 13/03/2019–ലെ എ–102/2019/ഇ.ഐ.ക്യൂ. നമ്പർ കത്ത്.
2. കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 20/12/2019–ലെ എ–102/2019/ഇ.ഐ.ക്യൂ നമ്പർ കത്ത്.
3. 06/03/2020–ലെ ഇതേ നമ്പരായുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 27/01/2021–ലെ ഇ2–25687/2018/സി.ഇ.ഐ (1) നമ്പർ ഉത്തരവ്.
5. അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 15/04/2021 തീയതിയായുള്ള അന്വേഷണ റിപ്പോർട്ട്.
6. ശ്രീ.അബുചെറിയാൻ.എം., അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 11/02/2021–ലെ കത്തും 04/03/2021–ന് അന്വേഷണ ഉദ്യോഗസ്ഥ മുൻപാകെ നൽകിയ മൊഴിയും.
7. 14/07/2021–ലെ ഇതേ നമ്പരായുള്ള കാരണം കാണിക്കൽ നോട്ടീസ്.

**<u>ഉത്തരവ് നമ്പർ: ഇ2–25687/2018/സി.ഇ.ഐ തീയ്യതി 23/12/2021</u>**

ഈ വകുപ്പിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയ ശ്രീ.അബു ചെറിയാൻ എന്ന ഉദ്യോഗസ്ഥന് 24/03/1998 മുതൽ 10/06/1999 വരെയും, പിന്നീട് 19/03/2000 മുതൽ 13/12/2018 വരെയും വിദേശത്ത് ജോലി നോക്കുന്നതിനായി കെ.എസ്.ആർ ഭാഗം ഒന്ന്, അനുബന്ധം XII A പ്രകാരം 19 വർഷം 11 മാസം 14 ദിവസത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ശൂന്യവേതനാവധിയ്ക്ക് ശേഷം ശ്രീ. അബു ചെറിയാൻ 14/12/2018–ന് കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു. ടി കാര്യാലയത്തിൽ സേവനമനുഷ്ഠിക്കവെ ശ്രീ. അബു ചെറിയാൻ 180 ദിവസത്തേയ്ക്ക് ശൂന്യവേതനാവധി ആവശ്യപ്പെട്ടു കൊണ്ട് അവധി അപേക്ഷ ഹാജരാക്കുകയുണ്ടായി. പരാമർശം (1)–ലെ കത്തിനോടൊപ്പം ലഭിച്ച ടി അവധി അപേക്ഷയിൽ അവധി എന്താവശ്യത്തിനാണ് എടുക്കുന്നതെന്നോ, ഒപ്പിനു താഴെ അപേക്ഷ തീയതി രേഖപ്പെടുത്തുകയോ, എന്നു മുതലാണ് അവധി ആവശ്യമായത് എന്ന് രേഖപ്പെടുത്തുകയോ ചെയ്തിരുന്നില്ല. അപേക്ഷയിൽ Request dated 7 Jan. 2019 എന്നാണ് രേഖപ്പെടുത്തിയിരുന്നത്.

ശൂന്യവേതന അവധി അപേക്ഷയിലെ മേൽ പരാമർശിച്ച ന്യൂനതകൾ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ടി ന്യൂനതകൾ പരിഹരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, SPARK-ൽ നിന്നും ലഭ്യമായ റസിഡൻഷ്യൽ അഡ്രസ്സിൽ ശ്രീ.അബു ചെറിയാന്റെ പേർക്ക് രജിസ്റ്റേർഡ് തപാലായി 19/09/2019-ന് കത്തയയ്ക്കുകയും ടി കത്ത് "Out of India (At America) so returned to sender" എന്ന കുറിപ്പോടുകൂടി 30/09/2019-ന് തിരികെ ലഭിച്ചക്കുകയും ചെയ്തു. തുടർന്ന് ടിയാന്റെ വീട്ടിൽ 01/11/2019-ന് നോട്ടീസ് പതിച്ചതായും എന്നാൽ 15 ദിവസം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിക്കുകയുണ്ടായില്ല എന്നും പിന്നീട് 25/11/2019-ന് കൊല്ലം ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഔദ്യോഗിക മെയിലിൽ ടിയാന്റെ പുതുക്കിയ അവധി അപേക്ഷ ലഭിച്ചതായും പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി അപേക്ഷയിൽ അവധിയുടെ കാലാവധി/സ്വഭാവം എന്നതിന് നേരെ Requested for medical leave/LWA from 07 Jan. 2019 for 360 days എന്നും ആവശ്യത്തിന് നേരെ For an urgent medical treatment എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. Medical treatment-ന് ആധാരമായ രേഖകൾ ഒന്നും തന്നെ ടിയാൻ ഹാജരാക്കിയിരുന്നില്ല.

ശ്രീ.അബു ചെറിയാന് KSR ഭാഗം I അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധിയ്ക്ക് തുടർ അർഹത ഇല്ലാതിരുന്നതിനാലും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള ശൂന്യവേതനാവധി അപേക്ഷ ക്രമപ്രകാരമല്ലാത്തതിനാലും, അപേക്ഷയോടൊപ്പം ചികിത്സാ സംബന്ധമായ രേഖകൾ ഉള്ളടക്കം ചെയ്യാതിരുന്നതിനാലും, നിയമനാധികാരിയുടെയോ/ സർക്കാരിന്റെയോ മുൻകൂർ അനുമതി തേടാതെ അനധികൃതമായി രാജ്യം വിട്ടുപോയതിനാലും ടിയാന്റെ ഭാഗത്ത് പ്രഥമദൃഷ്ട്യാ കൃത്യവിലോപവും അച്ചടക്ക ലംഘനവും കണ്ടതിനാൽ ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി KCS (CC&A) ചട്ടം 15 പ്രകാരം ടിയാന്റെ പേർക്ക് പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകുകയുണ്ടായി. പ്രസ്തുത കുറ്റാരോപണ മെമ്മോയുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

"ശ്രീ.അബു ചെറിയാൻ.എം. എന്ന താങ്കൾ കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയി സേവനമനുഷ്ഠിക്കവെ പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്രമപ്രകാരമുള്ള ശൂന്യവേതനാവധി അപേക്ഷ ഹാജരാക്കാതെയും, ഓഫീസ് മേലധികാരിയുടേയോ വകുപ്പ് അദ്ധ്യക്ഷന്റെയോ അറിവോ സമ്മതമോ കൂടാതെയും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നതിന് മുമ്പ് 07/01/2019 മുതൽ നാളിതുവരെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതും ഗുരുതരമായ അച്ചടക്ക ലംഘനമാണ്. കൂടാതെ അവ്യക്തമായ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ച ശേഷം ഓഫീസ് അധികാരിയുടെയോ, നിയമനാധികാരിയുടെയോ, വകുപ്പ് അദ്ധ്യക്ഷന്റെയോ മുൻകൂർ അനുമതി തേടാതെ അനധികൃതമായി രാജ്യം വിട്ട് പോയതും ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ താങ്കളുടെ ഭാഗത്ത് നിന്നുണ്ടായ ചട്ട വിരുദ്ധമായ പ്രവൃത്തിയും ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്. "

ശ്രീ.അബു ചെറിയാന്റെ മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാലായി അയച്ച കുറ്റാരോപണ മെമ്മോ "Addressee out of India" എന്ന രേഖപ്പെടുത്തലോടുകൂടി 28/04/2020-ന് തിരികെ വന്നതായി കൊല്ലം ഇലക്ട്രിക്കൽ ഇൻസ്പെക്ടർ 26/05/2020-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുറ്റാരോപണ മെമ്മോ, 12/03/2020-ന് ശ്രീ. അബു ചെറിയാന്റെ ഇ-മെയിൽ വിലാസത്തിലും അയച്ചിരുന്നു. അത് കൂടാതെ

പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന 16/10/2020–ന് ഒരു പ്രമുഖ ദിനപത്രത്തിലും (ദേശാഭിമാനി), 17/10/2020–ന് മറ്റൊരു പ്രമുഖ ദിനപത്രത്തിലും (കേരളാകൗമുദി) കുറ്റാരോപണ മെമ്മോയ്ക്ക് വിശദീകരണം നൽകുന്നത് സംബന്ധിച്ച നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ടി നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടും ശ്രീ.അബു ചെറിയാൻ കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി നൽകുകയുണ്ടായില്ല.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.അബു ചെറിയാൻ യഥാസമയം പ്രതിവാദ പത്രിക സമർപ്പിക്കാത്തതിനാൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായി KCS (CC&A) ചട്ടം 15-ന്റെ വ്യവസ്ഥകൾക്ക് വിധേയമായി ടിയാനെതിരെ വകുപ്പുതല അന്വേഷണത്തിന് പരാമർശം (4)–ലെ ഉത്തരവ് പ്രകാരം ശിക്ഷണാധികാരിയായ ചീഫ് ഇലക്ടിക്കൽ ഇൻസ്പെക്ടർ തീരുമാനിക്കുകയും, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ഷീബാ എബ്രഹാം–നെ അന്വേഷണ ഉദ്യോഗസ്ഥയായി ചുമതലപ്പെടുത്തുകയും ചെയ്തു. പരാമർശം (5) പ്രകാരം ടിയാനെതിരെയുള്ള ആരോപണം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. "അന്വേഷണത്തിന്റെ ഭാഗമായി ശ്രീ.അബു ചെറിയാന്റെ മൊഴി രേഖപ്പെടുത്തുന്നതിനായി 18/02/2021–ന് ഹാജരാകുവാൻ ആവശ്യപ്പെട്ട് ടിയാന്റെ വീട്ട് അഡ്രസ്സിലും ടിയാന്റെ ഇ–മെയിൽ അഡ്രസ്സിലും 06/02/2021–ന് കത്ത് അയയ്ക്കുകയുണ്ടായി. ടി കത്തിന് 11/02/2021–ന് ശ്രീ.അബു ചെറിയാൻ ഇ–മെയിലായി മറുപടി സമർപ്പിക്കുകയുണ്ടായി. ടി കത്തിൽ ശ്രീ. അബു ചെറിയാൻ ഉയർത്തിയിരിക്കുന്ന പ്രധാനപ്പെട്ട വാദങ്ങൾ താഴെപറയുന്നവയാണ്.

"14/12/2018–ന് ജോലിയിൽ തിരികെ പ്രവേശിച്ച് കൊല്ലം ജില്ലാ കാര്യാലയത്തിൽ ജോലി ചെയ്ത് വരവെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയും, ജീവൻ സംരക്ഷിക്കുന്നതിന് വേണ്ടി വിദഗ്ധാഭിപ്രായവും കുടുംബത്തിന്റെ അഭ്യർത്ഥനയും മാനിച്ച് അവധി അപേക്ഷ എഴുതിക്കൊടുത്ത് വിദേശത്തേക്ക് മടങ്ങുവാൻ നിർബന്ധിതനായി എന്നും ശാരീരിക മാനസിക പ്രശ്നങ്ങൾ നേരിട്ടതിനാൽ അവധി അപേക്ഷ പൂർണ്ണമായും ശരിയായി എഴുതുവാൻ സാധിച്ചിരുന്നില്ല. കുറ്റാരോപണ മെമ്മോ വിദേശ അഡ്രസ്സിലോ, ഇ–മെയിലിലോ ലഭിച്ചിട്ടില്ലാത്തതിനാൽ മറുപടി നൽകുന്നതിന് കഴിഞ്ഞിട്ടില്ല എന്നും കോവിഡിന്റെ പശ്ചാത്തലത്തിൽ യാത്ര നീണ്ടുപോകുകയാണുണ്ടായത്. "

ടി കത്തിൽ 18/02/2021–ന് ഹാജരാകുവാൻ സാധിക്കുകയില്ലെന്ന് ശ്രീ.അബു ചെറിയാൻ അറിയിച്ചതിനെ തുടർന്ന് ടിയാനോട് 04/03/2021–ന് ഹാജരാകുവാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തയയ്ക്കുകയും ചെയ്തു. അന്വേഷണത്തിന്റെ ഭാഗമായി ടി കാലയളിൽ കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥൻ ശ്രീ.അലക്സ്.പി.വി. 23/02/2021–ന് അന്വേഷണ ഉദ്യോഗസ്ഥ മുമ്പാകെ ഹാജരായി താഴെപ്പറയുന്ന കാര്യങ്ങൾ മൊഴി നൽകുകയുണ്ടായി.

"ശ്രീ. അബു ചെറിയാൻ ശൂന്യവേതനാവധിയ്ക്കുള്ള അപേക്ഷ സംബന്ധിച്ച് ഓഫീസ് മേധാവി ആയിരുന്ന ടിയാനെ അറിയിക്കുകയോ അപേക്ഷ ടിയാന്റെ കൈയ്യിൽ നേരിട്ട് നൽകുകയോ ചെയ്തിട്ടില്ല എന്നും അവധി അപേക്ഷ ട്രേയിൽ ഇട്ടു പോയതായി പിന്നീടാണ് ശ്രദ്ധയിൽപ്പെട്ടത് മാത്രമല്ല അന്വേഷണത്തിൽ ടിയാൻ രാജ്യം വിട്ടുപോയതായി അറിയാൻ കഴിഞ്ഞതിനെ തുടർന്നാണ് അപൂർണ്ണമായ അവധി അപേക്ഷ വകുപ്പദ്ധ്യക്ഷന്റെ കാര്യാലയത്തിലേക്ക് അയച്ചത് 07/01/2019–ന് ശേഷവും ശ്രീ.അബു ചെറിയാൻ ടിയാനെ യാതൊരുവിധത്തിലും ബന്ധപ്പെട്ടിട്ടില്ല. എന്നാൽ പിന്നീട്

07/01/2019 മുതൽ 360 ദിവസത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്ക് ഇ-മെയിലായി
ശ്രീ.അബു ചെറിയാൻ അപേക്ഷ അയയ്ക്കുകയും ടി അപേക്ഷ, വകുപ്പ് അദ്ധ്യക്ഷന് അയച്ചു
കൊടുക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ ട്രീറ്റ്മെന്റിനാണ് അവധി അപേക്ഷിക്കുന്നത് എന്ന്
രേഖപ്പെടുത്തിയിരുന്നുവെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നില്ല
ശ്രീ.അബു ചെറിയാന്റെ പേർക്ക് നൽകിയ കുറ്റാരോപണ മെമ്മോയും പത്രികയും ടിയാന്റെ സ്ഥിര
മേൽവിലാസത്തിൽ അയച്ചുവെങ്കിലും Addressee out of India എന്ന രേഖപ്പെടുത്തലോടുകൂടി
മടങ്ങിവരികയാണുണ്ടായത്."

ശ്രീ.അബു ചെറിയാൻ അവധി അപേക്ഷ നേരിട്ട് കൈയ്യിൽ തരികയോ അവധി സംബന്ധിച്ച വിവരം ധരിപ്പിക്കുകയോ ചെയ്തിരുന്നില്ല എന്ന് അന്ന് ടി കാര്യാലയത്തിൽ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥനായ ശ്രീ.രാധാകൃഷ്ണപിള്ള രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ശ്രീ.അബു ചെറിയാൻ പിന്നീട് 04/03/2021-ന് രാവിലെ 11 മണിയ്ക്ക് അന്വേഷണ ഉദ്യോഗസ്ഥ മുമ്പാകെ ഹാജരാകുകയും മൊഴി നൽകുകയുമുണ്ടായി. ടിയാൻ നേരിൽ ഹാജരായി മൊഴിയായി നൽകിയത് താഴെപ്പറയുന്ന കാര്യങ്ങളാണ്.

"ശൂന്യവേതനാവധിയ്ക്കുള്ള അപേക്ഷ 07/01/2019-ന് കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക്
നൽകുന്നതിനായി സൂപ്രണ്ടിന്റെ കൈവശം ഏൽപ്പിച്ചു. അവധിയിൽ പ്രവേശിക്കുന്ന വിവരം തൊട്ടു
മുൻപത്തെ ദിവസം ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ അറിയിക്കുകയും തിങ്കളാഴ്ച ഫോൺ
മുഖാന്തിരം അറിയിക്കുകയും ചെയ്തു. അവധി അപേക്ഷയിൽ അവധിയുടെ ആവശ്യം, തീയതി
എന്നിവ രേഖപ്പെടുത്തുവാൻ വിട്ടുപോയി. 08.01.2019 മുതൽ 180 ദിവസത്തേയ്ക്ക് ശൂന്യവേതനാവധി
അനുവദിച്ച് കിട്ടണം എന്ന് ഉദ്ദേശിച്ചുകൊണ്ടാണ് അവധി അപേക്ഷ സമർപ്പിച്ചത്. 08/01/2019-ന്
അതിരാവിലെ ആണ് വിദേശത്തേയ്ക്ക് പോയത്. നാട്ടിൽ വന്നതിന് ശേഷം കാലാവസ്ഥയിലുണ്ടായ
മാറ്റം മൂലം ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനാൽ വിദേശത്തുള്ള ഡോക്ടറുടെ ഉപദേശ
പ്രകാരമാണ് പെട്ടെന്ന് വിദേശത്തേക്ക് പോയത്. വീട്ടിൽ നോട്ടീസ് പതിച്ച വിവരം ബന്ധുക്കൾ
അറിയിച്ചതിനെ തുടർന്നാണ്, പുതുക്കിയ അവധി അപേക്ഷ ഹാജരാക്കിയത്. USA-യിൽ മെഡിക്കൽ
സർട്ടിഫിക്കറ്റ് നൽകുന്ന സമ്പ്രദായം ഇല്ലാത്തതിനാലാണ് മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം
ഹാജരാക്കാതിരുന്നത്. ചികിൽസയുമായി ബന്ധപ്പെട്ട രേഖകൾ 05/03/2021-ന് ഇ-മെയിലായി അയച്ച്
തരുന്നതാണ്. ഇ-മെയിലായി അയച്ചതും പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ കുറ്റാരോപണ മെമ്മോ
ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സമർപ്പിച്ച അപേക്ഷ പ്രകാരം 07/01/2019 മുതൽ 360 ദിവസം കഴിഞ്ഞിട്ടും
പിന്നീട് അപേക്ഷയൊന്നും സമർപ്പിക്കാതിരുന്നത് ആയതിനെപ്പറ്റി ധാരണ ഇല്ലാത്തത് കൊണ്ടാണ്."

ശ്രീ.അബു ചെറിയാൻ 05/03/2021-ന് ടിയാന്റെ മെഡിക്കൽ ടെസ്റ്റ് റിപ്പോർട്ടുകൾ ഇ-മെയിലായി
അയച്ചു തന്നിട്ടുണ്ട്. 11/02/2021-ന് വിദേശത്ത് വെച്ച് നടത്തിയ വിവിധ മെഡിക്കൽ ടെസ്റ്റുകളുടെ
റിസൾട്ടുകളാണ് ടിയാൻ ലഭ്യമാക്കിയിട്ടുള്ളത്. അനധികൃതമായി ഹാജരാകാതിരുന്ന 08/01/2019
മുതൽ ടിയാൻ അസുഖബാധിതനായിരുന്നു എന്ന് തെളിയിക്കുന്ന യാതൊരു രേഖകളും
ഹാജരാക്കിയിട്ടില്ല. 04/03/2021-ന് അന്വേഷണ ഉദ്യോഗസ്ഥ മുമ്പാകെ മൊഴി രേഖപ്പെടുത്തിയതിന്
ശേഷമുള്ള ദിവസങ്ങളിൽ ടിയാൻ ഏതാനും ചികിൽസാ സംബന്ധമായ രേഖകൾ അയച്ചു
തന്നിട്ടുണ്ട്. 2021 ഫെബ്രുവരി മാസത്തിൽ ടിയാൻ നടത്തിയിട്ടുള്ള ലാബ് ടെസ്റ്റുകളുമായി ബന്ധപ്പെട്ട
റിസൾട്ടുകൾ മാത്രമാണ് ചികിൽസാ സംബന്ധമായ രേഖയായി ഹാജരാക്കിയിട്ടുള്ളത്. ടിയാൻ
അനധികൃതമായി അവധിയിൽ പ്രവേശിച്ച കാലയളവ് മുതലുള്ള ചികിൽസാ രേഖകളോ മെഡിക്കൽ

സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. കൊല്ലം ജില്ലാ കാര്യാലയത്തിലെ ഹാജർ പുസ്തകത്തിന്റെ പകർപ്പ് ലഭ്യമാക്കി അന്വേഷണ സമിതി പരിശോധിക്കുകയും 2019 ജനുവരി 7-ാം തീയതി വരെ ശ്രീ.അബു ചെറിയാൻ ഓഫീസിൽ ഹാജരായതായി ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിലും, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൻ പ്രകാരവും, സാക്ഷിമൊഴികളുടെ അടിസ്ഥാനത്തിലും താഴെപറയുന്ന കാര്യങ്ങൾ അന്വേഷണത്തിൽ കണ്ടെത്തിയതായി പരാമർശം (5) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. 19 വർഷം 11 മാസം 14 ദിവസത്തെ ശൂന്യവേതനാവധിയ്ക്ക് ശേഷം 14/12/2018-ന് കൊല്ലം ജില്ലാ കാര്യാലയത്തിൽ ജോലിയിൽ തിരികെ പ്രവേശിച്ച ശ്രീ.അബു ചെറിയാൻ 08/01/2019 മുതൽ ജോലിയ്ക്ക് ഹാജരായിട്ടില്ല.
2. ശ്രീ.അബു ചെറിയാൻ അവധിയിൽ പ്രവേശിക്കുന്ന വിവരം ഓഫീസ് മേധാവിയെ നേരിട്ടോ അല്ലാതെയോ അറിയിക്കുകയോ ക്രമപ്രകാരമുള്ള അവധി അപേക്ഷ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഗസറ്റഡ് റാങ്കിലുള്ള ഉത്തരവാദിത്വമുള്ള ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഇത് ശ്രീ.അബു ചെറിയാന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയും കൃത്യവിലോപവുമാണ്.
3. കാലാവസ്ഥാ വ്യതിയാനം മൂലം ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയും 07/01/2019-ന് അവധി അപേക്ഷ നൽകി ഡോക്ടറുടെ ഉപദേശ പ്രകാരം 08/01/2019-ന് അതിരാവിലെ വിദേശത്ത് (USA) പോയി എന്ന ടിയാന്റെ വാദം അംഗീകരിക്കാവുന്നതല്ല. സർക്കാർ സർവ്വീസിലുള്ള ഗസറ്റഡ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ ഓഫീസ് മേധാവിയുടെയോ വകുപ്പ് അദ്ധ്യക്ഷന്റെയോ അറിവോ, അനുമതിയോ കൂടാതെയും, അവധി അനുവദിച്ച് കിട്ടാതെയും വിദേശത്ത് പോയത് ഗുരുതരമായ ചട്ടലംഘനമാണ്.
4. ടിയാൻ രണ്ടാമത് സമർപ്പിച്ച അപേക്ഷയിൽ ചികിൽസാർത്ഥമാണ് അവധി ആവശ്യപ്പെട്ടിരിക്കുന്നത് എങ്കിലും ആയതിന് ആധാരമായി ഡോക്ടറുടെ സാക്ഷ്യപത്രമോ ആയത് തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖകളോ ഹാജരാക്കിയിട്ടില്ല. ഇതിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചികിൽസാ സംബന്ധമായി ശൂന്യവേതനാവധി അനുവദിക്കണമെന്ന ടിയാന്റെ ആവശ്യം തീർത്തും വ്യാജമായിരുന്നു എന്ന് കാണുന്നു. 2021 മാർച്ച് മാസത്തിൽ ടിയാൻ ഹാജരാക്കിയ ചികിൽസാ സംബന്ധമായ രേഖകൾ 2021 ഫെബ്രുവരി മാസത്തിൽ നടത്തിയ ലാബ് റിപ്പോർട്ടുകളുടെ പകർപ്പുകളാണ്. 2019 ജനുവരി മുതലുള്ള യാതൊരു ചികിൽസാ രേഖകളോ മെഡിക്കൽ സർട്ടിഫിക്കറ്റോ ടിയാൻ നാളിതുവരെ ഹാജരാക്കിയിട്ടില്ല. മാത്രമല്ല 07/01/2019 മുതൽ 360 ദിവസത്തേയ്ക്ക് (ഹാജരാകാതിരുന്നത് 08/01/2019 മുതൽ) 25/11/2019-ന് ഇ-മെയിലായി പുതുക്കിയ അവധി അപേക്ഷ ഹാജരാക്കിയ ശ്രീ.അബു ചെറിയാൻ പിന്നീട് ഹിയറിംഗിനുള്ള നോട്ടീസ് ലഭിച്ചതിനെ തുടർന്ന് 11/02/2021-ന് ആണ് വകുപ്പുമായി ഇ-മെയിൽ വഴി ബന്ധപ്പെട്ടത്. ടി കാലയളവിനിടയിൽ ശ്രീ.അബു ചെറിയാൻ യാതൊരു അപേക്ഷകളും ഓഫീസ് മേധാവിക്കോ വകുപ്പ് അദ്ധ്യക്ഷനോ നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ നൽകിയിട്ടില്ലാത്തത് ആകുന്നു.

5. വിദേശത്ത് ജോലി നോക്കുന്നതിനായി 19 വർഷം 11 മാസം 14 ദിവസം ശൂന്യവേതനാവധിയിൽ ആയിരുന്ന ശ്രീ.അബു ചെറിയാന് തുടർന്ന് കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധിയ്ക്ക്അർഹതയില്ലാത്തതാണ്. മാത്രമല്ല KSR ഭാഗം I ചട്ടം 88 പ്രകാരം, 4 മാസത്തിൽ കൂടുതൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനും ചികിൽസാർത്ഥം വിദേശത്ത് പോകുന്നതിന് അനുമതി നൽകുന്നതിനുമുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തവുമാണ്. ഈ കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ട ഉയർന്ന തലത്തിലുള്ള ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ശ്രീഅബു ചെറിയാൻ നിരുത്തരവാദപരമായി അപൂർണ്ണ മായ അവധി അപേക്ഷ നൽകി അനധികൃതമായി രണ്ടു വർഷത്തോളം ജോലിയ്ക്ക് ഹാജരാകാതിരുന്നതും അവധി അനുവദിക്കാതെയും വകുപ്പ് അദ്ധ്യക്ഷന്റെയോ, ഓഫീസ് മേലധികാരിയുടേയോ സർക്കാരിന്റെയോ മുൻകൂർ അനുമതി ഇല്ലാതെ രാജ്യം വിട്ടുപോയതും ഗുരുതരമായ അച്ചടക്ക ലംഘനവും സർവ്വീസ് ചട്ടങ്ങളുടെ ലംഘനവുമാണ്.

വകുപ്പുതല അന്വേഷണ റിപ്പോർട്ടിൽ ശ്രീ അബു ചെറിയാനെതിരെ കുറ്റാരോപണ മെമ്മോയിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ പൂർണ്ണമായും തെളിയിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിലും, ടിയാൻ 08/01/2019 മുതൽ നാളിതുവരെ അനധികൃത അവധിയിൽ തുടരുന്നതിനാലും ശ്രീ.അബു ചെറിയാനെതിരെ KSR ഭാഗം I അനുബന്ധം XII A (9)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രകാരം കഠിനമായ ശിക്ഷാനടപടി കൈക്കൊള്ളുന്നതിന് തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 1960-ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 11 (vii)-ൽ പരാമർശിച്ചിരിക്കുന്ന "സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ" (Removal from the Civil Service) എന്ന കഠിന ശിക്ഷ നൽകുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും, കൂടാതെ പ്രസ്തുത ശിക്ഷ നൽകാതിരിക്കുന്നതിന് കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയതു 15 ദിവസത്തിനകം ബോധിപ്പിക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.അബു ചെറിയാന് പരാമർശം (7) പ്രകാരം കാരണംകാണിക്കൽ നോട്ടീസ് അയയ്ക്കുകയുണ്ടായി. അതോടൊപ്പം വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ടിയാന് അയച്ചിരുന്നു. കൂടാതെ നേരിൽ കേൾക്കുന്നതിന് ആഗ്രഹിക്കുന്നുവെങ്കിൽ ആയതും അറിയിക്കേണ്ടതാണ് എന്ന് നോട്ടീസിൽ പ്രസ്താവിച്ചിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് ടിയാന്റെ വീട്ട് അഡ്രസ്സിൽ അയച്ചിരുന്നുവെങ്കിലും ടിയാനോ ബന്ധപ്പെട്ട മറ്റ് ആരെങ്കിലുമോ പ്രസ്തുത കാരണംകാണിക്കൽ നോട്ടീസ് കൈപ്പറ്റിയിട്ടില്ല. കൂടാതെ പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് ടിയാന്റെ ഇ-മെയിൽ അഡ്രസ്സിലും അയച്ചിട്ടുണ്ട്. അതിനും ടിയാന്റെ ഭാഗത്തുനിന്നും യാതൊരു വിധ മറുപടിയും ഉണ്ടായിട്ടില്ലാതിരുന്ന സാഹചര്യത്തിൽ കാരണംകാണിക്കൽ നോട്ടീസിനെ സംബന്ധിച്ച അറിയിപ്പ് 24/09/2021-ൽ 2 പ്രമുഖ മലയാള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ ശ്രീ.അബു ചെറിയാൻ കാരണം കാണിക്കൽ നോട്ടീസിന് നാളിതുവരെ മറുപടി നൽകുകയോ നേരിൽ ഹാജരായി എന്തെങ്കിലും ബോധിപ്പിക്കുകയോ ചെയ്തിട്ടില്ല.

ഈ സാഹചര്യത്തിൽ, കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.അബു ചെറിയാൻ.എം.-ന് പരാമർശം (7)-ലെ കാരണംകാണിക്കൽ നോട്ടീസിൽ തത്വത്തിൽ തീരുമാനിച്ചതു പ്രകാരം 1960-ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 11 (vii)-ൽ പ്രസ്താവിക്കുന്ന "സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ" (Removal from the Civil Service) എന്ന കഠിന ശിക്ഷ നൽകി ടിയാനെതിരായുള്ള അച്ചടക്കനടപടി തീർപ്പാക്കികൊണ്ട് ഉത്തരവാകുന്നു.

(ഒപ്പ്)

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ശ്രീ.അബുചെറിയാൻ.എം,
തെക്കേതിൽ, ഞാലിയോട്,
അമ്പിപൊയ്ക, കുണ്ടറ,
കൊല്ലം ജില്ല – 691501

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ(എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കൊല്ലം
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ.
5. കരുതൽ / അധികം
6. വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

**സീനിയർ സൂപ്രണ്ട്**

SKP